**അനുബന്ധം**

ചോദ്യം നമ്പർ (*392) -ന്റെ (എ) പിരിവിന്റെ വിശദമായ മറുപടി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി 5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ 141 സ്കൂളിനും 3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ 386 സ്കൂളിനും 1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ 446 സ്കൂളിനും ഭരണാനുമതി നൽകിയിരുന്നു. ആകെ അനുവദിച്ച 973 സ്കൂളുകളിൽ 518 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ഇതുകൂടാതെ തീരദേശമേഖലയിലെ 57 സ്കൂളുകൾക്ക് കിഫ്ബി പദ്ധതി പ്രകാരം ഫണ്ടനുവദിച്ച് തീരദേശ വികസന കോർപ്പറേഷൻവഴി നിർമ്മാണം നടന്നുവരുന്നു. ഇതിൽ 47 സ്കൂളുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തികരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

കിഫ്ബി ഫണ്ടുപയോഗിച്ച് Kerala Infrastructure and Technology for Education (KITE)-ന്റെ നേതൃത്വത്തിൽ നടപ്പാക്കിയ Hi-Tech school, Hi-Tech Lab എന്നീ പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 16,027 സ്കൂളുകളിൽ 3,74,274 (മൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി എഴുപത്തിനാല്) ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും 4752 സെക്കൻഡറി-ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 (നാല്പത്തി അയ്യായിരം) ക്ലാസ് മുറികൾ Hi-Tech ആക്കുകയും 11,275 പ്രൈമറി

വിഭാഗം സ്കൂളുകളിൽ ‘ Hi-Tech Lab’ പദ്ധതി നടപ്പാക്കുകയും ചെയ്തു. ഈ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിയാണ് കോവിഡ് കാലത്തെ ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുൾപ്പെടെ നടത്തിയത്. ഐ.ടി. ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ ഡിജിറ്റൽ ഉള്ളടക്കം നൽകുന്ന 'samagra' പോർട്ടൽ ഇപ്പോൾ 'Samagra plus' എന്ന പേരിൽ പരിഷ്ക്കരിച്ചിട്ടുണ്ട്. ഇതുൾപ്പെടെ പശ്ചാത്തലവികസന – അക്കാദമിക - ഭരണരംഗത്തെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് നെടുംതൂണായി പ്രവർത്തിച്ചത് കിഫ്ബി ധനസഹായമുപയോഗിച്ചുള്ള സ്കീമുകളായിരുന്നു.

പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ ഒരുക്കിയതുവഴി ഒരുതരത്തിലുമുള്ള വിവേചനവുമില്ലാതെ മുഴുവൻ കുട്ടികൾക്കും പഠനത്തിന്റെ ഭാഗമായി നിർഭയമായി ആധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാകുന്ന സാഹചര്യമുണ്ടായി.

ചോദ്യം നമ്പർ (*392) -ന്റെ (ഡി) പിരിവിന്റെ വിശദമായ മറുപടി

| നം. | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പറളി സ്കൂൾ സ്റ്റേഡിയം, പാലക്കാട് | 10 കോടി | സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഫുട്ബോൾ ഗ്രൗണ്ട് | പ്രവൃത്തി 2020-ൽ പൂർത്തീകരിച്ചു |
| 2 | മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയം, കോഴിക്കോട് | 10 കോടി | ഇൻഡോർ സ്റ്റേഡിയം 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഔട്ട്ഡോർ ബാസ്ക്കറ്റ് ബോൾ & വോളിബോൾ കോർട്ട് | പ്രവൃത്തി 2022-ൽ പൂർത്തീകരിച്ചു |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്.എസ്., മലപ്പുറം | 15.69 കോടി | ഇൻഡോർ സ്റ്റേഡിയം, നാച്വറൽ ഫുട്ബോൾ ടർഫ്, അമിനിറ്റി സെന്റർ | പ്രവൃത്തി 2020-ൽ പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 4 | നിലമ്പൂർ മിനി സ്റ്റേഡിയം, മലപ്പുറം | 17.26 കോടി | 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ്, ഇൻഡോർ സ്വിമ്മിംഗ് പൂൾ | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ് എന്നീ ഘടകങ്ങൾ ആദ്യ ഘട്ടം എന്ന നിലയ്ക്ക് 2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 14-10-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 267/2022/കാ.യു.വ. പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി.-യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. നിലവിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |
| 5 | താനൂർ, കാട്ടിലങ്ങാടി സ്റ്റേഡിയം കോംപ്ലക്സിന്റെ | 19.14 കോടി | 4 ലൈൻ 100 മീറ്റർ ട്രാക്ക്, നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, ഗ്യാലറി, പ്രാക്ടീസ് പൂൾ, വോളിബോൾ കോർട്ട് | ട്രാക്ക് ഒഴികെയുള്ള ഘടകങ്ങൾ പൂർത്തിയാക്കി 16-5-2023-ന് പദ്ധതി ഉദ്ഘാടനം ചെയ്തു. |

| | | | | |
|---|---|---|---|---|
| | നിർമ്മാണം | | | |
| 6 | തിരുവമ്പാടി സ്റ്റേഡിയം, കോഴിക്കോട് | 6.11 കോടി | 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യാലറി, ചെയിഞ്ച് റൂം, വോളിബോൾ കോർട്ട്, നിലവിലെ ബിൽഡിംഗിന്റെ നവീകരണം | നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്, പാലക്കാട് | 14.35 കോടി | നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, പ്രാക്ടീസ് പൂൾ, ചെയിഞ്ച് റൂം, സൈറ്റ് ഡെവലപ്മെന്റ് വർക്ക്, കിണർ | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ മുഖേന പദ്ധതിയുടെ 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒന്നര വർഷക്കാലയളവിൽ പ്രവൃത്തിയിൽ പുരോഗതിയൊന്നും ഉണ്ടാകാത്തതിനാൽ 5-2-2025-ൽ ബഹു. കായിക വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പദ്ധതി സ്പോർട്സ് കേരള |

| | | | | |
|---|---|---|---|---|
| | | | | ഫൗണ്ടേഷന് കൈമാറുന്നതിനായി തീരുമാനിക്കുകയുണ്ടായി. തുടർന്ന് 06-03-2025-ൽ പദ്ധതിയുടെ അനുബന്ധ രേഖകൾ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി കിറ്റ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 8 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. പാലക്കാട് | 15.69 കോടി | 6 ലൈൻ 400 മീറ്റർ അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ് | പ്രവൃത്തി 2022-ൽ പൂർത്തീകരിച്ചു. |
| 9 | കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഗവ. ഹൈസ്കൂൾ, കോട്ടയം | 25 കോടി | 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് പൂൾ, ഹോസ്റ്റൽ | പ്രസ്തുത പദ്ധതിക്ക് 27.70 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ സാങ്കേതികാനുമതി 10-02-2025-ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |
| 10 | ധീരജവാൻ | 16.87 കോടി | 6 ലൈൻ 200 മീറ്റർ | 10.85 കോടി രൂപയ്ക്കുള്ള ഡി.പി.ആർ. |

| | | | | |
|---|---|---|---|---|
| | ജോമോൻ സ്റ്റേഡിയം നിർമ്മാണം | | സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യാലറി, സൈഡ് ഡെവലപ്മെന്റ് വർക്ക് | 12.02.2024-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 11 | കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം | 15.8 കോടി | 8 ലൈൻ അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, സൈഡ് ഡെവലപ്മെന്റ് വർക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക് | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. കിറ്റ്കോ ആണ്. പ്രവൃത്തിയിൽ പുരോഗതിയൊന്നും ഉണ്ടാകാത്തതിനാൽ 05-02-2025-ൽ ബഹു. കായിക വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി തീരുമാനിക്കുകയുണ്ടായി. തുടർന്ന് 06-03-2025-ൽ പദ്ധതിയുടെ അനുബന്ധ രേഖകൾ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി കിറ്റ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |